പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1741 21/01/2014- ൽ മറുപടിക്ക്

ഗോരക്ഷ പദ്ധതിയിലൂടെ കുളമ്പുരോഗ പ്രതിരോധം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ:<br>ശ്രീ എസ് . രാജേന്ദ്രൻ:<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):<br>ശ്രീ. എ. എം. ആരിഫ്: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഗോരക്ഷാ പരിപാടിയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ കുളമ്പുരോഗത്തിനെതിരെ തീവ്ര പ്രതിരോധ കുത്തിവെയ്പ്പ് പരിപാടി നടത്തിയിരുന്നുവോ; | ബി) നടത്തിയിരുന്നു |
| സി) പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടും കുളമ്പുരോഗം വരുവാനിടയായ സാഹചര്യം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | സി) അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, ആന്ധ്ര എന്നിവിടങ്ങളിൽ കുളമ്പുരോഗം തീവ്രമായി കൂടി വരുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്. രോഗബാധിത പ്രദേശങ്ങളിൽ നിന്നും വൻതോതിലുള്ള കന്നുകാലിവരവും, കാലാവസ്ഥ വ്യതിയാനവുമാണ് കേരളത്തിൽ കുളമ്പുരോഗം പടരുന്നതിനുള്ള പ്രധാന കാരണം.ഇതേക്കുറിച്ച് വിശദമായ പഠനം നടത്താൻ കേരളാ വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

ഡി) കുളമ്പുരോഗം പ്രാഥമിക ഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് പ്രതിരോധ നടപടി സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഡി) പ്രാഥമിക ഘട്ടത്തിൽ തന്നെ രോഗം തിരിച്ചറിഞ്ഞ് ശക്തമായ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രോഗലക്ഷണം കാണുന്നതിനുമുമ്പ് കുളമ്പുരോഗ ബാധ തിരിച്ചറിയാൻ നിലവിൽ സംവിധാനം ഇല്ല.

സെക്ഷൻ ഓഫീസർ